നബാർഡ് RIDF-ൽ ഉൾപ്പെടുത്തി ബി.കെ. കനാലിൽ 11.875 കോടി രൂപയുടെ രണ്ട് പ്രവൃത്തികളും നടന്നുവരുന്നു. ഈ ഭാഗത്ത് പാത, ദേശീയ ജലപാത നിലവാരം കൈവരിക്കുന്നതിനായുള്ള വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

വടകര – നീലേശ്വരം :- വടകര – നീലേശ്വരം ഭാഗത്തെ 17.61 കി. മീ. നീളമുള്ള വടകര – മാഹി കനാലിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 116 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇവ കൂടാതെ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി ആറ് പാലങ്ങളും 50 നടപ്പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

മാഹി – വളപട്ടണം:- കനാലിന്റെ പ്രാഥമിക പര്യവേഷണം പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിക്കുകയും വിശദമായ പര്യവേഷണ നടപടികൾ ദേശീയ ജലപാത അടിസ്ഥാനത്തിൽ നടന്നുവരികയും ചെയ്യുന്നു.

വളപട്ടണം മുതൽ കൊറ്റി വരെയും കൊറ്റി മുതൽ നീലേശ്വരം വരെയുമുള്ള 65 കി.മീ. ജലപാത സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ച് ഗതാഗതയോഗ്യമാണ്.

കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ. നീളം വരുന്ന സംസ്ഥാന ജലപാതയുടെ പല ഭാഗങ്ങളിലായി ഏകദേശം 150 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. 82 കി.മീ. ദൂരത്തോളം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 190 കി.മീ. ഭാഗങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്.

സ്കൂൾ പാചകത്തൊഴിലാളികളുടെ വേതന വർദ്ധനവ്

269 (958) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടും അത് നടപ്പാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാചകത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന തരത്തിൽ ഉച്ചഭക്ഷണ പദ്ധതി ഏജൻസിയെ ഏൽപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നീക്കത്തിൽ നിന്നും പിൻവാങ്ങുമോ?

ഉത്തരം

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 8-10-2015-ലെ 3294/ഇ1/2015/തൊഴിൽ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിലേയ്ക്കായി 20-12-2015 വരെ സമയവും അനുവദിച്ചിട്ടുണ്ട്. അപ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഇത് സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) പരിഗണനയിലില്ല.

ഹോം നഴ്സിംഗ് ഏജൻസികൾ

270 (959) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം നഴ്സിംഗ് രംഗത്തെ ഏജൻസികളുടെ പ്രവർത്തനം ഏതെങ്കിലും രീതിയിൽ നിയന്ത്രിക്കുന്നുണ്ടോ; നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹോം നഴ്സിംഗ് ഏജൻസികൾ ഉണ്ടെന്നും പ്രസ്തുത ഏജൻസികൾവഴി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ എത്രയാണെന്നും വിശദമാക്കാമോ;

(സി) ഹോം നഴ്സിംഗ് രംഗത്ത് നടക്കുന്ന തട്ടിപ്പുകളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഹോം നഴ്സിംഗ് ഏജൻസികൾക്ക് നിലവിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട്, പെയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നീ നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly